**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2620** **07-07-2022 - ൽ മറുപടിയ്ക്ക്**

**ഊരാളുങ്കൽ സഹകരണ സംഘത്തിലെ സ്ഥിരനിക്ഷേപങ്ങളുടെ പലിശ നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ എം വിൻസെന്റ് ,<br>ശ്രീ. റോജി എം. ജോൺ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | ഊരാളുങ്കൽ സഹകരണ സംഘത്തിലെ സ്ഥിര നിക്ഷേപങ്ങളുടെ പലിശ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ; ഇപ്രകാരം സ്ഥിര നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നിരക്ക് നൽകുന്നതിന് പ്രസ്തുത സംഘത്തിന് ധനകാര്യ വകുപ്പിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ക്ലിപ്തം നമ്പർ 10957 സ്ഥിരനിക്ഷേങ്ങൾക്ക് സാധാരണ പൗരന്മാർക്ക് 8% നിരക്കിലും മുതിർന്ന പൗരന്മാർക്ക് 8.5% നിരക്കിലും പലിശ നൽകി വരുന്നുണ്ട്. സംസ്ഥാനത്തെ വായ്പ സഹകരണ സംഘങ്ങൾ, ബാങ്കുകൾ എന്നിവർക്ക് സ്ഥിര നിക്ഷേപം സ്വീകരിക്കുന്നതിന് നൽകുന്ന പലിശ നിരക്ക് തീരുമാനിക്കുന്നതിനായി സംസ്ഥാന തല പലിശ നിർണ്ണയ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. ഉപസമിതിയുടെ തീരുമാന പ്രകാരം സഹകരണ സംഘം രജിസ്ട്രാറാണ് പലിശ നിരക്ക് നിർണ്ണയിച്ച് സർക്കുലർ ഇറക്കുന്നത്. ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, ആശുപത്രി സഹകരണ സംഘങ്ങൾ എന്നിവ പോലെയുള്ള നോൺ ക്രെഡിറ്റ് വിഭാഗത്തിൽ വരുന്ന സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം കണ്ടെത്തുന്നതിനായി സർക്കാരിന്റെ പ്രത്യേക ഉത്തരവുകൾ പ്രകാരം അധിക പലിശ നിരക്ക് അനുവദിച്ചു നൽകി വരുന്നുണ്ട്. ഇത്തരത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിനും പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിനായി 1% അധിക പലിശ നിരക്കിൽ പൊതുജനങ്ങളിൽ നിന്നും മറ്റും സ്ഥിര നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ട്. ആയത് പ്രകാരമാണ് ടി സംഘം ഡെപ്പോസിറ്റുകൾക്ക് സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശത്തിൽ 1% അധികരിച്ച് പലിശ നിരക്ക് അനുവദിക്കുന്നത്. സഹകരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾക്ക് പലിശ നിരക്ക് അനുവദിച്ച് നൽകുന്നതിനു ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമില്ല. |
| (ബി) | ട്രഷറി നിക്ഷേപങ്ങളെക്കാൾ ഉയർന്ന പലിശ നിരക്ക് ഊരാളുങ്കൽ പോലെയുള്ള സ്ഥാപനങ്ങൾ നൽകുന്നതിലൂടെ ട്രഷറിയിലെ സ്ഥിര നിക്ഷേപത്തിൽ കുറവ് സംഭവിക്കുമെന്നത് ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇപ്രകാരമൊരു തീരുമാനമെടുത്തതിന്റെ സാഹചര്യം വ്യക്തമാക്കുമോ? | (ബി) | ട്രഷറി നിക്ഷേപങ്ങളേക്കാൾ ഉയർന്ന പലിശ നിരക്ക് ഊരാളുങ്കൽ പോലെയുള്ള സ്ഥാപനങ്ങൾക്ക് നൽകുന്നതിലൂടെ ട്രഷറിയിലെ സ്ഥിരനിക്ഷേപത്തിൽ കുറവ് സംഭവിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ